# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1425 08/02/2013 ൽ മറുപടിക്ക്

## റോഡ് പണികളുടെ കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. നാണു | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പി.ഡബ്ല്യു.ഡി-ക്ക് കീഴിൽ ടെൻഡർ ചെയ്ത് കരാർ ഏറ്റെടുത്ത റോഡുകളുടെ പണികൾക്ക് ശരാശരി എത്ര കാലാവധിയാണ് അനുവദിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ; | (എ) പ്രവൃത്തികളുടെ രീതിയും അവയുടെ അടങ്കൽ തുകയും അനുസരിച്ചാണ് കാലാവധി നിശ്ചയിക്കുന്നത്. ഇത്, പ്രവൃത്തിയുടെ - രീതി അനുസരിച്ച് 8 മാസം മുതൽ 2 വർഷം വരെ ആകാവുന്നതാണ്. കെ.എസ്.റ്റി.പി പദ്ധതിയിൽപ്പെടുത്തി നിർമ്മിക്കുന്ന അപ്ഗ്രഡേഷൻ പണികൾക്ക് 24 മാസം മുതൽ 36 മാസം വരെയാണ് കാലാവധി കൊടുക്കുന്നത്. ഹെവി മെയിന്റനൻസ് പ്രവൃത്തികൾക്ക് 12 മാസം മുതൽ 18 മാസം വരെ കാലാവധി കൊടുക്കുന്നു. |
| (ബി) കരാർ കഴിഞ്ഞ പ്രവൃത്തികൾ പെട്ടെന്ന് തീർക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ അവ എന്തൊക്കെ ; വിശദീകരിക്കാമോ? | (ബി) നിരത്ത് വിഭാഗത്തിൽ ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കോടതി നടപടികൾ മൂലവും സ്ഥലത്തിന്റെ ലഭ്യത സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകാത്തതുമായ പ്രവൃത്തികളാണിവ. ദേശീയപാതാവിഭാഗത്തിലും കെ.എസ്.റ്റി.പി.യിലും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ